LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

35 (381) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽകാലത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ റിസർവോയറുകളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട് ;

(സി) കേന്ദ്രപൂളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത് ;

(ഡി)- സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ഏതെങ്കിലും വൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷനുകൾ, ഉത്സവങ്ങൾ, മറ്റ് സാംസ്കാരിക പരിപാടികൾ എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിൽ സാങ്കേതിക ഉപകരണങ്ങളുടെ പ്രദർശനവും വിശദീകരണങ്ങളും സംഘടിപ്പിക്കുന്നതിനുപുറമേ, എൽ.ഇ.ഡി. ബൾബുകളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം, ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ, വീടുകളിലെ വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജ സംരക്ഷണം എന്നിവ ഉദ്ദേശിച്ചുള്ള ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. ഐസ് പ്ലാന്റുകളിൽ ഉണ്ടാകുന്ന ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിനായി പല ജില്ലകളിലും സാങ്കേതിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സാങ്കേതിക പരിശീലനം നേരിട്ടും ഐസ് പ്ലാന്റ് അസോസിയേഷൻ വഴിയും നൽകി വരുന്നു. പുഞ്ച-കോൾ പാടങ്ങളിലെ വെള്ളം വറ്റിക്കുന്നതിനുള്ള പെട്ടി-പറ പമ്പിംഗ് സംവിധാനം നവീകരിക്കുന്നതിനുള്ള രണ്ട് പരീക്ഷണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി കൃഷി വകുപ്പ്, പമ്പ് നിർമ്മാണ കമ്പനികൾ തുടങ്ങിയവയുമായി തുടർനടപടിക്കുള്ള ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വേനൽക്കാലത്തുണ്ടാകുന്ന വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ പരമാവധി കരുതൽശേഖരം ഉണ്ടാക്കുകയും അതുവഴി വേനൽക്കാലത്ത് കൂടുതൽ ഉൽപ്പാദനം നടത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി വില കൂടിയ താപവൈദ്യുതി വാങ്ങുന്നതിൽ കുറവു വരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മധ്യകാല/ദീർഘകാല കരാറുകൾ വഴി വൈദ്യുതി വാങ്ങാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പ്രസരണ ഇടനാഴിയുടെ ലഭ്യതക്കുറവ് മുൻകൂട്ടിക്കണ്ട് ദക്ഷിണ മേഖലയിൽ നിന്നുമാത്രം ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) 2015 മാർച്ച് ഒന്നാം തീയതിയിലെ കണക്കനുസരിച്ച് 2592.857 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളമാണ് സംസ്ഥാനത്തെ റിസർവോയറുകളിൽ ശേഷിക്കുന്നത്.

(സി) 2015 ഫെബ്രുവരിയിലെ കണക്കുപ്രകാരം പ്രതിദിനം ശരാശരി 31.97 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്രപൂളിൽനിന്നും ലഭിച്ചിട്ടുണ്ട്. (1350 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രപൂളിൽനിന്നും ലഭ്യമാകുന്നത്.)

(ഡി) ഉണ്ട്. സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന 12 ജലവൈദ്യുത പദ്ധതികൾ വഴി 187.6 മെഗാവാട്ടിന്റെ പദ്ധതി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. വിശദാംശം താഴെചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	മെഗാവാട്ട്	കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്ന തീയതി
(1)	(2)	(3)	(4)
1.	ചിമ്മിനി	2.5	4/2015.
2.	ബാരപ്പോൾ	15	8/2015
3.	ആഡ്യൻപാറ	3.5	6/2015
4.	വെള്ളത്തൂവൽ	3.6	8/2015
5.	പെരുന്തേനരുവി	6.0	6/2016
6.	കക്കയം	3	1/2016
7.	ചെങ്കുളം ഓഗ്മെന്റേഷൻ	-	12/2016

(1)	(2)	(3)	(4)
8.	ചാത്തൻ കോട്ടനട-II	6	7/2016
9.	ഭ്രതത്താൻകെട്ട്	24	3/2016
10.	തോട്ടിയാർ	40	9/2017
11.	പള്ളിവാസൽ എക്സ്റ്റൻഷൻ	60	12/2017
12.	പൊരിങ്ങൽക്കുത്ത്	24	3/2017
	ആകെ	187.6MW	

സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

36 (382) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വൈദ്യുതീകരണം സമ്പൂർണമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇനി ശേഷിക്കുന്നത് ;

(സി) സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. അതിനുവേണ്ടിയുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം കേരളത്തിലെ 1.5 ലക്ഷത്തോളം ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിക്കഴിഞ്ഞു. മിഷൻ 676- ന്റെ ഭാഗമായി 8.7 ലക്ഷം വീടുകൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതിൽ 3.41 ലക്ഷം വീടുകൾ ഇതിനകം വൈദ്യുതീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വൈദ്യുതീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജനപ്രകാരം കേരളത്തിലെ 14 ജില്ലകളിലെ ഏകദേശം ഒരു ലക്ഷത്തോളം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly